"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ല – പുതൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.ജി. ജയകൃഷ്ണനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2180/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 20/11/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.07.2015-ലെ ഇ8(ക്യുവി1/2014/ടിഎസ്ആർ) 1628/2014 നമ്പർ കത്ത്

2 സർക്കാരിന്റെ 14.10.2016-ലെ 19/ഇപിബി3/16/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. സി.ജി. ജയകൃഷ്ണൻ സമർപ്പിച്ച 13.03.2019-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 02.01.2020-ലെ PAN/2023/2019-D7(DP) നമ്പർ കത്ത്

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവഹണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ശ്രീ. പ്രദീപ്കുമാർ എന്നയാൾ കെട്ടിടത്തിന് പെർമിറ്റുമായി ബന്ധപ്പെട്ട് തെറ്റായ അളവ് രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയിന്മേൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. സി.ജി. ജയകൃഷ്ണൻ സാങ്കേതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കാതെയും സ്ഥല പരിശോധന നടത്താതെയും എൻ.ഒ.സി. നൽകിയെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ വിസ്തൃതി 162.55 ച.മി ഉണ്ടെന്നും, കെട്ടിടത്തിന്റെ പാസ്സേജ് പി.ഡബ്ല്യു.ഡി.യുടെ ഡ്രെയിനേജ് കനാലിനു മുകളിലാണെന്നും ആരോപണ വിധേയമായ പ്രസ്തുത കെട്ടിടം കെ.പി.ബി.ആർ. ചട്ടങ്ങൾ പാലിക്കാതെയുമാണ് നിർമ്മിച്ചിരിക്കുന്നതെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. മേൽ വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.ജി. ജയകൃഷ്ണനെതിരെ പരാമർശം (2) പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ. സി.ജി. ജയകൃഷ്ണൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ, 2011-ൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നപ്പോൾ, 150 ച.മീറ്ററിൽ താഴെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് വേണ്ടാത്തതിനാലും സാങ്കേതിക പരിശോധന റിപ്പോർട്ട് നിഷ്കർഷിക്കുന്നില്ലാത്തതിനാലും, പെർമിറ്റ് നൽകിയിട്ടില്ലെന്നും ടിയാന് ബാങ്ക് ലോൺ ആവശ്യത്തിനായി എൻ.ഒ.സി. നല്കുകയാണുണ്ടായതെന്നും, വിസ്തൃതി കൂടി വന്നതിന് സെക്രട്ടറി ഉത്തരവാദിയല്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. സി.ജി. ജയകൃഷ്ണൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പുത്തൂർ

ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.ജി ജയകൃഷ്ണനെതിരെ കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.ജി. ജയകൃഷ്ണനെതിരായ ആരോപണങ്ങളിന്മേൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 1 5 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

   (പരാമർശം (1), (2), (3) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. സി.ജി. ജയകൃഷ്ണൻ, മുൻ സെക്രട്ടറി, പുത്തൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, പുത്തൂർ ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/19/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2020.11.20 15:13:47 IST
Reason: Approved

സെക്ഷൻ ഓഫീസർ